(സി) പ്രസ്തുത തുക ശ്രീ. പി. എൻ. ജോണിന്റെ അവകാശിക്ക് നൽകുവാൻ വേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്താൻ നടപടി

159 [2639] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 മുതൽ 2000 വരെ താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വികലാംഗ വർഷമായ 2001 കേരളപ്പിറവി ദിനത്തിന് മുമ്പുവരെ താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-1-1997 മുതൽ 14-8-1998 വരെ താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ 13-10-1999-ലെ ജി.ഒ.(പി) 18/99/ഉ.ഭ.പ.വ. പ്രകാരം സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 15-8-1998 മുതൽ 31-12-2000 വരെ താൽക്കാലിക സർവ്വീസിലുണ്ടായിരുന്നവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) ഇപ്പോൾ നിർവ്വാഹമില്ല.

വികലാംഗയ്ക്ക് സർക്കാർ സർവ്വീസിൽ സ്ഥിരനിയമനം

160 [2640] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ജലസേചന വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്ന ശ്രീമതി സൂസൻ ജോർജ്ജിനെ സർക്കാർ സർവ്വീസിൽ വികലാംഗരെ സ്ഥിരപ്പെടുത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സാമൂഹ്യക്ഷേമ വകുപ്പിൽ സ്ഥിരം നിയമനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്തത് കണക്കിലെടുത്താണോ ഈ നിയമനം നൽകിയിട്ടുള്ളത്;

(ഡി) എങ്കിൽ വികലാംഗരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഏതു കാലയളവാണ് ഈ നിയമനത്തിൽ കണക്കിലെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly